**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5060** **11-08-2021 - ൽ മറുപടിയ്ക്ക്**

**അഗതി രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അഗതി രഹിത കേരളം പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | കേരള സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ, 2003 മുതൽ നടപ്പിലാക്കിയ പദ്ധതിയാണ് ആശ്രയ. 2017-18 ബജറ്റിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആശ്രയയുടെ നവീകരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. കേരളത്തിൽ 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അഗതിരഹിത കേരളം പദ്ധതി അംഗീകാരം നേടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തോ അതിലധികമോ പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ അവിടെ പട്ടികവർഗ്ഗ പ്രത്യേക അഗതിരഹിത കേരളം പദ്ധതിയും നിലവിൽ ഉണ്ട്. ഇത്തരത്തിൽ 170 പട്ടികവർഗ്ഗ പ്രത്യേക പദ്ധതികളാണുള്ളത്. 1,57,381 (ജനറൽ പദ്ധതി 1,47,651 പട്ടികവർഗ്ഗ പദ്ധതി 9,730) ഗുണഭോക്തൃ കുടുംബങ്ങളാണ് ഈ പദ്ധതിയിൽ ഉള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കുമോ? | (ബി) | സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ എത്തിക്കുക വഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് അഗതിരഹിത കേരളം പദ്ധതിയുടെ പ്രധാന ലക്ഷ്യം. 12/12/2017 ലെ സ.ഉ.(എം.എസ്)നം.252/17/ തസ്വഭവ പ്രകാരം ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്. 9 ക്ലേശ ഘടകങ്ങളും, നഗരപ്രദേശങ്ങളിൽ 10 അധിക ക്ലേശ ഘടകങ്ങളും, ഗ്രാമ പ്രദേശങ്ങളിൽ 8 അധിക ക്ലേശ ഘടകങ്ങളും ഉൾപ്പെടുത്തിയാണ് സർവ്വേ നടത്തുന്നത്. ഇവയിൽ 7 ക്ലേശ ഘടകങ്ങൾ ബാധകമാകുകയും അതോടൊപ്പം അധിക ക്ലേശ ഘടകങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഒന്നെങ്കിലും ബാധകമാകുകയും ചെയ്യുന്ന കുടുംബത്തെയാണ് അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ